**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചിയിലെ കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി. 1. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ അരൂർ-പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ-ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെയുള്ള ഭാഗത്തെ 500 എം.എം വ്യാസമുള്ള പൈപ്പ് 1500 മീറ്റർ സ്ഥാപിക്കുന്നതിന് LAC ADS 2015-16 ൽ ഉൾപ്പെടുത്തി 3 കോടി ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. 2. സ്റ്റേറ്റ് പ്ലാൻ 2015-16 ൽ ഉൾപ്പെടുത്തി അരൂർ-ഇടക്കൊച്ചി പാലത്തിനടിയിലൂടെ 500mm വ്യാസമുള്ള HDPE pipe 650 മീറ്ററും തുടർന്ന് പാലത്തിൻറെ വടക്കേ അറ്റംമുതൽ ചാക്കോളാസ് ഫ്ലാറ്റ് വരെ പഴയ നാഷണൽ ഹൈവേയിലൂടെ 1050 മീറ്റർ, 450 മി.മീ, വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുമായി 495 ലക്ഷം രൂപ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു . 3. അമൃത് 2016-17-ൽ ഉൾപ്പെടുത്തി ചാക്കോളാസ് ഫ്ലാറ്റ് മുതൽ പാമ്പായിമൂല വാട്ടർ അതോറിറ്റി ടാങ്ക് സൈറ്റ് വരെയുള്ള റോഡിൽ 450 എംഎം DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി (1.52 കോടി) ജൻറം പ്രൊജക്റ്റ് ഡിവിഷൻ പൂർത്തീകരിച്ചു. 4. എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട പഴയ ഡിവിഷൻ 13,14,15,16 എന്നീ ഡിവിഷനുകളിലെ ശുദ്ധജല വിതരണ വിപുലീകരണ പദ്ധതിയുടെ ഭാഗമായ 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണിയുടെ നിർമ്മാണം (LAC-ADS (NP) 2015-16) പ്രവൃത്തികൾക്കായി 27/05/2019-ൽ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ ഉടമ്പടി |

| | | | |
|---|---|---|---|
| | | | വച്ചിട്ടുള്ളതും ആയതിന്റെ പൂർത്തീകരണ കാലാവധി 10 മാസവുമായിരുന്നു. എന്നാൽ കരാറുകാരൻ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കേസ് തീർപ്പാക്കുന്ന മുറക്കേ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 5. അമൃത് 2015-16 - 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതലജലസംഭരണി (OH Tank) യുടെ പൈലിംഗ് ജോലികൾ പൂർത്തിയാക്കി യിട്ടുണ്ട് . പൈൽ ക്യാപ്പിൻറെ റീ ഇൻ ഫോഴ്സ്മെൻറ് പ്രവർത്തികൾ പുരോഗമിച്ചു വരുന്നു . 6. LAC ADS-2017-18 ഉൾപ്പെടുത്തി, പമ്പ്ഹൗസും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനു വേണ്ടി 70 ലക്ഷംരൂപ ഭരണാനുമതി നൽകുകയും മേൽ പ്രവൃത്തി 22/05/2020-ൽ കരാർ ഉടമ്പടി ആവുകയും ചെയ്തിട്ടുണ്ട് |
| (ബി) | പദ്ധതി പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളിൽ 1. 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരിയുടെ റിസ്ക് & കോസ്റ്റിൽ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2. 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലസംഭരണിയുടെ (Ground Level Tank) നിർമ്മാണം സംബന്ധിച്ച് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് 12/03/2020-ന് ബഹുമാനപ്പെട്ട ജല വിഭവ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇതുനാളും പ്രവർത്തി തുടങ്ങുവാൻ തയ്യാറാകാത്തത് കൊണ്ട് കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുന: ക്രമീകരിയ്ക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി. ഹൈക്കോടതിയിൽ കേസ് നിലനിൽക്കു മ്പോൾ, കോടതിയുടെ അനുമതിയോടെ മാത്രമേ പുന:ക്രമീകരണ നടപടികളുമായി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളു. പ്രവർത്തിയിൽ നിന്നും ഒഴിവാക്കി കരാറുകാരനായ ശ്രീ.അനിൽ കുമാറിന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിനെതിരായി സമർപ്പിച്ച ഹർജിയിൻമേൽ ഹൈക്കോടതിയിൽ നിയോഗിച്ച കമ്മീഷൻ 18/12/2020-ൽ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ബഹു: ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടി ന്മേലുള്ള വാദം കേൾക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് മാറ്റിവെച്ചിട്ടുണ്ട്. ഇത് തീർപ്പാകുന്ന മുറയ്ക്ക് ഹൈക്കോടതി വിധി പ്രകാരം നിർമ്മാണ പ്രവർത്തി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കും 3. LAC ADS- 2017-18 ഉൾപ്പെടുത്തി, പമ്പ്ഹൗസും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനു വേണ്ടി 70 ലക്ഷം രൂപ ഭരണാനുമതി നൽകുകയും മേൽ പ്രവൃത്തി 22/05/2020-ൽ കരാർ ഉടമ്പടി ആവുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളിൽ 1. 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരിയുടെ റിസ്ക് & കോസ്റ്റിൽ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2. 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലസംഭരണിയുടെ (Ground Level Tank) നിർമ്മാണം സംബന്ധിച്ച് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് 12/03/2020-ന് ബഹുമാനപ്പെട്ട ജല വിഭവ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇത്രനാളും പ്രവർത്തി തുടങ്ങുവാൻ തയ്യാറാകാത്തത് കൊണ്ട് കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുന: ക്രമീകരിയ്ക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി. ഹൈക്കോടതിയിൽ കേസ് നിലനിൽക്കു മ്പോൾ, കോടതിയുടെ അനുമതിയോടെ മാത്രമേ പുന:ക്രമീകരണ നടപടികളുമായി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. പ്രവർത്തിയിൽ നിന്നും ഒഴിവാക്കി കരാറുകാരനായ ശ്രീ.അനിൽ കുമാറിന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിനെതിരായി സമർപ്പിച്ച ഹർജിയിൻമേൽ ഹൈക്കോടതിയിൽ നിയോഗിച്ച കമ്മീഷൻ 18/12/2020-ൽ സ്ഥലം സന്ദർശിച്ചു റിപ്പോർട്ട് ബഹു: ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടി ന്മേലുള്ള വാദം കേൾക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് മാറ്റിവെച്ചിട്ടുണ്ട്. ഇത് തീർപ്പാകുന്ന മുറയ്ക്ക് ഹൈക്കോടതി വിധി പ്രകാരം നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കും 3. LAC ADS- 2017-18 ഉൾപ്പെടുത്തി, പമ്പ്ഹൗസും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനു വേണ്ടി 70 ലക്ഷം രൂപ ഭരണാനുമതി നൽകുകയും മേൽ പ്രവൃത്തി 22/05/2020-ൽ കരാർ ഉടമ്പടി ആവുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ